മുഖ്യമന്ത്രിക്കുവേണ്ടി ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി *(ശ്രീ. വക്കം പുരുഷോത്തമൻ)*: സർ, പാലക്കാടുള്ള സൊസൈറ്റികളുമായി ചർച്ച ചെയ്ത് അവർ ആവശ്യപ്പെട്ടതുപ്രകാരം 50% കൊടുത്താൽ മതിയെന്ന് സമ്മതിച്ചതാണ്. അങ്ങനെയാണ് 80 പൈസയുടെ വ്യത്യാസം ഉള്ളത്. 50 ശതമാനം കൊടുക്കണമെന്ന അവരുടെ അവശ്യപ്രകാരമാണ് ധനകാര്യ വകുപ്പ് 72 ലക്ഷം രൂപ കൊടുത്തത്. നെല്ല് സംഭരണത്തിന്റെ കാര്യത്തിൽ വളരെ liberal ആയിട്ടുള്ള attitude ആണ് ഗവൺമെന്റ് എടുത്തിട്ടുള്ളത്. അത് അങ്ങ് പരിശോധിച്ചു നോക്കിയാൽ മനസ്സിലാകും. ഞാൻ ഒരു വാദപ്രതിവാദത്തിനില്ല. അതുകൊണ്ടാണ് പണ്ട് കൊടുത്ത തുച്ഛമായ തുകകളൊന്നും ഞാൻ ഇവിടെ വായിക്കാതിരുന്നത്. ഇത്രയും വലിയ തുക കൊടുത്തിട്ടുള്ള ഒരു കാലഘട്ടവും മുമ്പ് ഉണ്ടായിട്ടില്ല. അത് ഗവൺമെന്റിന്റെ താൽപ്പര്യമാണ്. അങ്ങയുടെ താൽപ്പര്യത്തെ ഗവൺമെന്റ് ബഹുമാനിക്കുന്നു. അതുകൊണ്ട് നമുക്ക് ഒന്നിച്ച് ശ്രമിക്കാം. കേന്ദ്ര ഗവൺമെന്റിന്റെ സഹായത്തോടുകൂടി നമുക്ക് സ്ഥിരമായ ഒരു സംവിധാനം ഉണ്ടാക്കാം. അതിനുവേണ്ടിയുള്ള ഒരു പദ്ധതി ഇന്നുതന്നെ കേന്ദ്ര ഗവൺമെന്റിലേക്ക് അയയ്ക്കുന്നതാണ്.

VI. അറിയിപ്പ്

മലേഷ്യൻ സംഘത്തിന് അഭിവാദ്യം

മി. സ്പീക്കർ: മലേഷ്യയിൽ നിന്നും 42 പേർ അടങ്ങുന്ന മലയാളി സംഘം നോർക്കയുടെ ക്ഷണം സ്വീകരിച്ച് നമ്മുടെ സംസ്ഥാനത്ത് പര്യടനം നടത്തുന്നുണ്ട്. അവർ ഇപ്പോൾ നിയമസഭാ ഗ്യാലറിയിൽ ഇരിക്കുകയാണ്. നമുക്ക് അവരെ ഹാർദ്ദമായി അഭിവാദ്യം ചെയ്യാം.

ഇന്ന് ഈ സെഷന്റെ അവസാനത്തെ ദിവസമായതുകൊണ്ട് സബ്മിഷൻ ഉന്നയിക്കാൻ അനുമതി ചോദിച്ച മെമ്പർമാർക്കൊക്കെ അനുവാദം കൊടുത്തിട്ടുണ്ട്. 35 സബ്മിഷനാണുള്ളത്. അത് ഉന്നയിക്കുന്ന ആളുകളും മറുപടി പറയുന്ന ബഹുമാനപ്പെട്ട മന്ത്രിമാരും ഈ കാര്യം പരിഗണിക്കണം.

സബ്മിഷൻ *(തുടർച്ച)*

(2) ശബരിമല വികസനത്തിന് അടിയന്തിര നടപടി

ശ്രീ. രാജു എബ്രഹാം : സർ, കേരളത്തിലെ ആകെ ജനസംഖ്യയേക്കാൾ കൂടുതൽ തീർത്ഥാടകർ നാല് മാസക്കാലത്തിനിടയിൽ എത്തുന്ന സ്ഥലമാണ്. ശബരിമല. അവിടെ കക്കൂസുകളുടെ പണിയടക്കം, നിരവധി പ്രശ്നങ്ങളുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

അതുപോലെ പമ്പാ ആക്ഷൻ പ്ലാൻ കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ചിട്ട് രണ്ടുവർഷമായി. ഇതുവരെ അതിന്റെ ഒന്നാം ഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ പോലും ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല. അതുകൊണ്ട് ശബരിമല തീർത്ഥാടന കേന്ദ്രത്തിന്റെ സമഗ്രമായ വികസനത്തിനുവേണ്ടിയുള്ള പ്രവർത്തനങ്ങൾ അടിയന്തിരമായി നടത്തണമെന്ന് അഭ്യർത്ഥിക്കുകയാണ്.

വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി *(ശ്രീ കെ. സി. വേണുഗോപാൽ)* സർ, തിരുവിതാംകൂർ ദേവസ്വം ബോർഡ് സർക്കാരിലെ വിവിധ വകുപ്പുകളും സ്വയംഭരണ സ്ഥാപനങ്ങളും വഴിയാണ് ആവശ്യമായ സൗകര്യങ്ങൾ ലഭ്യമാക്കിവരുന്നത്. ഇതിന്റെ അടിയന്തിര പ്രാധാന്യം കണക്കിലെടുത്ത് കേന്ദ്ര സർക്കാരിന്റെ നിർദ്ദേശപ്രകാരം ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിന് തീരുമാനിച്ച് ഡൽഹി ആസ്ഥാനമായ Eco Smart India Limited എന്ന സ്ഥാപനത്തിനെ അത് തയ്യാറാക്കാൻ ഏൽപ്പിച്ചു കഴിഞ്ഞു. അതുപ്രകാരം outline of master plan തയ്യാറാക്കി തന്നിട്ടുണ്ട്. പമ്പാ ആക്ഷൻ പ്ലാൻ അനുസരിച്ചുള്ള കാര്യങ്ങളും മുൻകാലങ്ങളിലെ കാര്യങ്ങളും സംബന്ധിച്ച് നടത്തിയ പഠനങ്ങളും റിപ്പോർട്ടുകളും അടിസ്ഥാനമാക്കിയാണ് master plan തയ്യാറാക്കിയിട്ടുള്ളത്. മരക്കൂട്ടം മുതൽ സന്നിധാനം വരെയുള്ള കാനനപാതയിൽ ഭക്തജനങ്ങൾക്ക് ക്യൂ നിൽക്കാൻ എല്ലാവിധ പ്രാഥമിക സൗകര്യങ്ങളോടുംകൂടിയ Queue Complex-കൾ സന്നിധാനത്തിലും പമ്പയിലും വിപുലീകരിച്ച Sewage treatment plant-കൾ ആവശ്യത്തിന് latrine facilities –ഉം അതുപോലെ തന്നെ പമ്പാനദി ശുചീകരിക്കാൻവേണ്ടിയുള്ള തടയണകൾ ഇതൊക്കെയാണ് 1-ാം ഘട്ടത്തിൽ ഉദ്ദേശിക്കുന്നത്. ഇതിന് 12.67 ഹെക്ടർ വനഭൂമി ആവശ്യമാണ്. വനഭൂമി ലഭ്യമാക്കുന്നതിന് ഗവൺമെന്റ് വളരെ ശക്തമായ സമ്മർദ്ദം ചെലുത്തിക്കൊണ്ടി രിക്കുകയാണ്. ഈ പ്രശ്നത്തിന്റെ ഗൗരവം കണക്കിലെടുത്ത് മുഖ്യമന്ത്രി തന്നെ ഇക്കാര്യം പ്രധാനമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയുണ്ടായി. കൊച്ചിയിൽ പ്രധാനമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ചേർന്ന മന്ത്രിസഭായോഗത്തിലും ഈ കാര്യം അദ്ദേഹത്തിന്റെ ശ്രദ്ധയിൽപ്പെടുത്തി. അതിന്റെ ഫലമായി 21-3-2005-ൽ പ്രധാനമന്ത്രിയുടെ പ്രിൻസിപ്പൽ സെക്രട്ടറി ഡൽഹിയിൽ വച്ച് ഇത് സംബന്ധിച്ച് ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാരുമായി ചർച്ച നടത്തി. ആ ചർച്ചയിൽ ശബരിമല വികസനത്തിനാവശ്യമായ വനഭൂമി 24-3-2005-നുമുൻപ് സർവ്വേ നടത്തി തിട്ടപ്പെടുത്തണമെന്നും കേന്ദ്ര ഗവൺമെൻറിന്റെ അനുവാദത്തിനായി 28-3-2005-നു മുമ്പ് ദേവസ്വം ബോർഡ് സംസ്ഥാന ഗവൺമെന്റിന് സമർപ്പിക്കണമെന്നും അത് 31-3-2005-നു മുമ്പ് കേന്ദ്ര ഗവൺമെന്റിന് നൽകണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. അതു മാത്രമല്ല, പ്രിൻസിപ്പൽ സെക്രട്ടറി ശബരിമലയിലും തിരുവനന്തപുരത്തും വരുകയും പ്രവർത്തനങ്ങളുടെ പുരോഗതി വിലയിരുത്തുകയും ചെയ്തു. തീരുമാനിച്ച പ്രകാരം നിർദ്ദേശങ്ങളെല്ലാം തയ്യാറാക്കി നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഗവൺമെന്റിന് ഔപചാരികമായി കിട്ടിയിരിക്കുന്ന വിവരം അനുസരിച്ച് 90 ഹെക്ടർ സ്ഥലത്തിന് അനുമതി നൽകാൻ കേന്ദ്ര ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ടെന്നാണ് അറിയുന്നത്. ബാക്കിയുള്ള 12 ഹെക്ടർ സ്ഥലത്തിനു വേണ്ടിയുള്ള അനുമതി, വരുന്ന 6-ാം തീയതിയിലെ കമ്മിറ്റിയിൽവച്ച് പരിഗണിക്കുമെന്നാണ് പറഞ്ഞിരിക്കുന്നത്. ഗവൺമെന്റ് വളരെ ഇച്ഛാശക്തിയോടുകൂടിയാണ് ഈ കാര്യങ്ങൾ മുന്നോട്ടു കൊണ്ടുപോകുന്നത്. ഈ സീസണിൽ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുവാൻവേണ്ടിയുള്ള ശക്തമായ തീരുമാനമാണ് ഗവൺമെന്റും ദേവസ്വം ബോർഡും എടുത്തിരിക്കുന്നത്.

(3) അംഗൻവാടി ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകൾ

ശ്രീ. കെ. പി. രാജേന്ദ്രൻ : സർ, അംഗൻവാടി ജീവനക്കാരുടെ വേതനം വർദ്ധിപ്പിക്കണമെന്നതാണ് എന്റെ സബ്മിഷൻ. അംഗൻവാടി വർക്കർമാരുടെ വേതനം പ്രതിമാസം മൂവായിരം രൂപയായും ഹെൽപ്പർമാരുടെ വേതനം പ്രതിമാസം രണ്ടായിരത്തി അഞ്ഞൂറ് രൂപയായും വർദ്ധിപ്പിക്കണമെന്നും അവരെ സർക്കാർ സർവ്വീസിൽ റെഗുലറൈസ് ചെയ്യാനുള്ള നടപടി സ്വീകരിക്കണമെന്നും കെട്ടിടങ്ങൾ ഇല്ലാത്ത അംഗൻവാടികൾക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കാൻ ലോൺ സൗകര്യം ചെയ്തുകൊടുക്കാനും കുഞ്ഞുങ്ങളുടെ സംരക്ഷണം ഏറ്റെടുത്തിരിക്കുന്ന അംഗൻവാടി ജീവനക്കാരെ എല്ലാ വിധത്തിലും സഹായിക്കുവാനും ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്നും അഭ്യർത്ഥിക്കുന്നു.

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി *(ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്)*: സർ, അംഗൻവാടികളിലെ വർക്കർമാരുടേയും ഹെൽപ്പർമാരുടേയും ഓണറേറിയം നിശ്ചയിക്കുന്നത് കേന്ദ്ര സർക്കാരാണ്. സംസ്ഥാന സർക്കാരും വിഹിതമായി ഓണറേറിയം നൽകി വരുന്നുണ്ട്. 1-4-2001-ലാണ് സംസ്ഥാന സർക്കാർ അംഗൻവാടി വർക്കർമാരുടെ വേതനത്തിൽ 100 രൂപയുടെ വർദ്ധനവ് അവസാനമായി നടപ്പിലാക്കിയത്. 1-4-2002 മുതൽ കേന്ദ്ര സർക്കാർ അംഗൻവാടി വർക്കർമാർക്ക് 500 രൂപയുടേയും ഹെൽപ്പർമാർക്ക് 240 രൂപയുടേയും വർദ്ധനവ് നടപ്പിൽ വരുത്തി. ഇതുമൂലം സംസ്ഥാനത്ത് അംഗൻവാടി വർക്കർമാർക്ക് അവരുടെ സേവന കാലത്തിന്റേയും വിദ്യാഭ്യാസ യോഗ്യതയുടേയും അടിസ്ഥാനത്തിൽ പ്രതിമാസം 1238 രൂപ മുതൽ 1363 രൂപ വരെയും ഹെൽപ്പർമാർക്ക് പ്രതിമാസം 800 രൂപയും ലഭിക്കുന്നുണ്ട്. കൂടാതെ ഗ്രാമസഭകളുമായി ബന്ധപ്പെട്ട് കാര്യനിർവ്വഹണത്തിനായി അംഗൻവാടി വർക്കർമാർക്ക് പ്രതിമാസം 100 രൂപയും ഹെൽപ്പർമാർക്ക് പ്രതിമാസം 50 രൂപയും ഗ്രാമപഞ്ചായത്ത് ഫണ്ടിൽനിന്നും നൽകുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. സംസ്ഥാനത്തെ അംഗൻവാടി വർക്കർമാരുടേയും ഹെൽപ്പർമാരുടേയും സേവന-വേതന വ്യവസ്ഥകൾ പരിഷ്ക്കരിക്കുന്നതിനെ സംബന്ധിച്ച് ഒരു വൺമാൻ കമ്മീഷനെ നിയോഗിച്ചിരുന്നു. ആ കമ്മീഷന്റെ റിപ്പോർട്ട് കിട്ടി.

LIBRARY ARCHIVES Kerala Legislative Assembly